സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാല്യം: 60 | ലക്കം: 169 | 2025 ഒക്ടോബർ 10 വെള്ളി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## ഹുൻസൂരിൽ ബസപകടം: മലയാളികളടക്കം 4പേർ മരിച്ചു

ബംഗളൂരു: കോഴിക്കോട് നിന്ന് ബംഗളൂരുവിലേക്ക് പോവുകയായിരുന്ന ബസ് മൈസൂരുവിനടുത്ത് ഹുൻസൂരിൽ സിമൻറ് ലോറിയുമായി കൂട്ടിയിടിച്ച് 2 മലയാളികളടക്കം 4പേർ മരിച്ചു. ഡി.എൽ.ടി ട്രാവൽസിന്റെ സ്ലീപ്പർ ബസ് ഡ്രൈവർ മാനന്തവാടി പാലമൊക്ക് പിട്ട് ഹൗസിൽ ഷംസുദ്ധീൻ (36), കോ ഡ്രൈവർ കോഴിക്കോട് മലാപറമ്പ് സ്വദേശി പ്രിയേഷ് എന്നിവരാണ് മരിച്ച മലയാളികൾ. രണ്ടു പേർ കർണാടക സ്വദേശികളാണ്. ഇരുപതിലധികം പേർക്ക് പരിക്കേറ്റു. ഇവരെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. ഇന്ന് പുലർച്ചെ 3.30 ഓടെ ഹുൻസൂരിൽ നിന്നും ആറ് കിലോമീറ്ററോളം മാറിയാണ് അപകടം. കനത്ത മഴയും വനമേഖല ആയതിനാലും രക്ഷാപ്രവർത്തനം വൈകി. രാവിലെ 7മണിയോടെ ആണ് മൃതദേഹം പുറത്തെടുക്കാനായത്.അമ്മദിന്റെയും, മറിയത്തിന്റെയും മകനാണ് ഷംസു. ഭാര്യ: ഉമൈബ. മക്കൾ: അമൻ സിയാൻ, അർബ സൈനബ. സഹോദരങ്ങൾ: ഷാഫി, ഷംസീറ, ഷാഹിറ.

# ശബരിമലയിലെ സ്വർണ്ണപ്പാളി മോഷണം; കേസെടുക്കാൻ ഹൈക്കോടതി നിർദേശം




കൊച്ചി: ശബരിമലയിലെ സ്വർണ്ണപ്പാളി മോഷണത്തിൽ കേസെടുക്കാൻ ഹൈക്കോടതി നിർദേശം. പ്രത്യേക അന്വേഷണ സംഘത്തിന് നിർദേശം നൽകി. തിരിമറി നടന്നെന്ന് അന്വേഷണത്തിൽ വ്യക്തം. എല്ലാ കാര്യങ്ങളും എസ്.ഐ.ടി അന്വേഷിക്കണം. ആറാഴ്ചയ്ക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കണം. രണ്ടാഴ്ച കൂടുമ്പോൾ അന്വേഷണ പുരോഗതി അറിയിക്കണം.

അന്വേഷണ വിവരങ്ങൾ മുദ്രവച്ച കവറിൽ സമർപ്പിക്കണം. അന്വേഷണം നിഷ്പക്ഷമായിരിക്കണമെന്നും കോടതി.

ഒരു വിവരവും മാധ്യമങ്ങൾക്ക് കൈമാറരുത്. സത്യം പുറത്തുവരുന്നതുവരെ സംയമനം പാലിക്കണം. വെവ്വേറെ കേസുകൾ വേണോയെന്ന് ഡിജിപിക്ക് തീരുമാനിക്കാമെന്നും കോടതി.

ശബരിമല സ്വർണക്കൊള്ള സംബന്ധിച്ച് ദേവസ്വം വിജിലൻസ് ഹൈക്കോടതിയിൽ നൽകിയ റിപ്പോർട്ടിൽ ഗുരുതര കണ്ടെത്തലുകളാണുള്ളത്. ദ്വാരപാലക ശിൽപ്പങ്ങൾ കടത്തിയതിൽ ഉണ്ണിക്കൃഷ്ണൻ പോറ്റി–ഉദ്യോഗസ്ഥ ഗൂഢാലോചന നടന്നെന്ന് റിപ്പോർട്ടിൽ പറയുന്നു. ശബരിമലയിലെ ഉന്നത ഉദ്യോഗസ്ഥർ ഉണ്ണിക്കൃഷ്ണൻ പോറ്റിയുമായി ഒത്തു കളിച്ചെന്നും സ്വർണ പാളികളെ ചെമ്പെന്ന് രേഖപെടുത്തിയത് ഗൂഡാലോചനയുടെ ഭാഗമെന്നും റിപ്പോർട്ട്.

ഉദ്യോഗസ്ഥർക്ക് കമ്മീഷൻ കിട്ടിയോയെന്ന് അന്വേഷിക്കണമെന്നും ശുപാർശയുണ്ട്. അതേസമയം ചെന്നൈയിൽ സ്വർണം പൂശാനെത്തിച്ചത് പുതിയ ചെമ്പ് പാളിയെന്ന് സ്മാർട്ട് ക്രീയേഷൻസ് സിഇഒ പങ്കജ് ഭണ്ഡാരി മൊഴി നൽകി. സ്വർണം പൊതിഞ്ഞവ ആയിരുന്നില്ലെന്നും കാലപ്പഴക്കം ഉണ്ടായിരുന്നില്ലെന്നും മൊഴിയിൽ പറയുന്നു. ചെന്നൈയിലെത്തും മുൻപ് ദ്വാരപാലക ശിൽപപാളികൾ വിറ്റിരിക്കാമെന്ന് ദേവസ്വം വിജിലൻസിന്റെ റിപ്പോർട്ട് പറയുന്നു.

ശബരിമലയിൽനിന്ന് ഇളക്കിമാറ്റിയ സ്വർണപ്പാളികൾ ശനിദോഷം അകറ്റാനും ഐശ്വര്യത്തിനായുമായും കോടിക്കണക്കിന് രൂപക്ക് ബെംഗളൂരുവിൽ വിറ്റഴിച്ചുവെന്നാണ് വിജിലൻസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നതെന്നാണ് വിവരം. ഹൈകോടതി ദേവസ്വം ബെഞ്ചാണ് റിപ്പോർട്ട് പരിശോധിക്കുന്നത്.

പോറ്റിക്ക് കൈമാറിയ സമയത്ത് മഹസർ തയ്യാറാക്കി അതിൽ തന്ത്രിയും ഒപ്പിട്ടിട്ടുണ്ട്. മഹസറിൽ രേഖപെടുത്തിയത് ചെമ്പു പാളി എന്നാണ് സ്വർണം എന്നല്ല. 2019ൽ 14 ശില്പങ്ങൾ സ്മാർട്ട് ക്രിയേഷൻസിൽ എത്തി. അതിൽ സ്വർണത്തിന്റെ പാളി ഉണ്ടായിരുന്നു. ഇത് മാറ്റാൻ പോറ്റി ഇവർക്കു നിർദേശം നൽകി. 474.99 ഗ്രാം സ്വർണത്തിന്റെ ക്രമക്കേട് നടന്നു.

സ്മാർട്ട്ക്രിയേഷൻസിൽനിന്ന് ഈ സ്വർണം ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൈമാറി. എന്നാൽ പോറ്റി ഇത് ബോർഡിന് കൈമാറിയിട്ടില്ല. സംസ്ഥാന പൊലീസ് മേധാവിയെ കേസിൽ അധിക കക്ഷിയാക്കി.

## സ്വർണപ്പാളി കോടിക്കണക്കിന് രൂപക്ക് വിറ്റു

കൊച്ചി: ശബരിമല സ്വർണപ്പാളി കേസിൽ ദേവസ്വം വിജിലൻസ് റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിച്ചു. ശബരിമലയിൽനിന്ന് ഇളക്കിമാറ്റിയ സ്വർണപ്പാളികൾ ശനിദോഷം അകറ്റാനും ഐശ്വര്യത്തിനായുമായും കോടിക്കണക്കിന് രൂപക്ക് ബെംഗളൂരുവിൽ വിറ്റഴിച്ചുവെന്നാണ് വിജിലൻസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നതെന്നാണ് വിവരം. ഹൈക്കോടതി ദേവസ്വം ബെഞ്ചാണ് റിപ്പോർട്ട് പരിശോധിക്കുന്നത്.

വിജിലൻസ് എസ്പി സുനിൽകുമാറാണ് ശബരിമല സ്വർണപ്പാളി കേസുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണ റിപ്പോർട്ട് ഹൈക്കോടതിക്ക് കൈമാറിയത്. കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് സുപ്രധാന വിവരങ്ങളാണ് വിജിലൻസ് റിപ്പോർട്ടിലുള്ളത്. മൂന്നാമതായാണ് കേസ് ലിസ്റ്റ് ചെയ്തിരുന്നതെങ്കിലും ആദ്യത്തെ ഐറ്റമായി തന്നെ കോടതി റിപ്പോർട്ട് പരിഗണിക്കുകയായിരുന്നു. 0258പ്രത്യേക അന്വേഷണ സംഘത്തിൽനിന്നും എസ് പി ശശിധരനും കോടതിയിൽ ഹാജരായിട്ടുണ്ട്.

## 'എയിംസ് കോഴിക്കോട് സ്ഥാപിക്കണം, വയനാട് പുനരധിവാസത്തിന് 2221 കോടി അനുവദിക്കണം'; പ്രധാനമന്ത്രിയെ കണ്ട് മുഖ്യമന്ത്രി



ന്യൂഡൽഹി: സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ പ്രധാനമന്ത്രിയെയും മറ്റ് കേന്ദ്ര മന്ത്രിമാരെയും അറിയിച്ചുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൂടിക്കാഴ്ചയ്ക്ക് ശേഷം ഡൽഹിയിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുണ്ടക്കൈ – ചൂരൽമല ദുരിതബാധിതരുടെ പുനരധിവാസത്തെക്കുറിച്ചും എയിംസ് കോഴിക്കോട് സ്ഥാപിക്കണമെന്നതുൾപ്പെടെയുള്ള കാര്യങ്ങളും പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

'പ്രധാനമന്ത്രി ഉൾപ്പെടെ 5കേന്ദ്രമന്ത്രിമാരെ നേരിൽ കണ്ടു. സംസ്ഥാനത്തിന്റെ വിവിധ വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തി. കേരളം ഇപ്പോൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾ, ഏറെ കാലമായുള്ള സുപ്രധാന വിഷയങ്ങൾ എന്നിവയെല്ലാം വിശദീകരിച്ചു. ഇതെല്ലാം പ്രധാനമന്ത്രിയെയും മറ്റ് മന്ത്രിമാരെയും ബോധിപ്പിച്ചു. കേരളത്തിന്റെ പുരോഗതി, ദുരിതാശ്വാസം, സാമ്പത്തിക സ്ഥിതി എന്നീ ഗൗരവകരമായ വിഷയങ്ങളിൽ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു. നാല് പ്രധാന ആവശ്യങ്ങളാണ് ഉന്നയിച്ചത്.

മുണ്ടക്കൈ – ചൂരൽമല ദുരിതബാധിതരുടെ പുനരധിവാസത്തിന് എൻഡിആർഎഫിൽ നിന്ന് 2221 കോടി രൂപ ഗ്രാൻഡ് അനുവദിക്കണമെന്ന ആവശ്യം നേരത്തേ ഉന്നയിച്ചതാണ്. അത് ഇപ്പോഴും പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു. ഇത് വായ്പയായല്ല ഗ്രാൻഡായി പരിഗണിക്കണമെന്നാണ് അഭ്യർത്ഥിച്ചത്. ഇതോടൊപ്പം സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് പറഞ്ഞു. കേരളത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രം കൊണ്ടുവന്ന നിയന്ത്രണങ്ങൾ ലഘൂകരിക്കണമെന്നും സാമ്പത്തിക പരിധിയിൽ വരുത്തിയ വെട്ടിക്കുറയ്ക്കലും ഇല്ലാതാക്കുന്നതിനും ആവശ്യപ്പെട്ടു.

ഐജിഎസ്ടി റിക്കവറി തിരികെ നൽകൽ, ബഡ്ജറ്റിന് പുറത്തെ കടമെടുപ്പിന് ഏർപ്പെടുത്തിയ വെട്ടിക്കുറയ്ക്കൽ എന്നിവ മാറ്റിവയ്ക്കാനാണ് ആവശ്യപ്പെട്ടത്. മാത്രമല്ല, ദേശീയ പാതയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്ന ചെലവിന്റെ 25 ശതമാനം സംസ്ഥാനം വഹിക്കണമെന്ന തീരുമാനത്തിന്റെ ഭാഗമായി നൽകിയ പണമുണ്ട്. ഈ തുക കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറച്ചിട്ടുണ്ട്. കിഫ്ബി നൽകിയ തുകയാണത്. അത് സംസ്ഥാനത്തിന് ഇരട്ടപ്രഹരമായി മാറി. ആ തുക കടമെടുക്കുന്നതിന് അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

കോഴിക്കോട് കിനാരൂരിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അവിടെ എയിംസ് സ്ഥാപിക്കുക എന്നതാണ് മറ്റൊരു ആവശ്യം. നേരത്ത എയിംസിന് വേണ്ടി നാല് സ്ഥലങ്ങൾ സംസ്ഥാനം നിർദേശിച്ചിരുന്നു. അപ്പോൾ ഒരു സ്ഥലം പറയാൻ കേന്ദ്രം അറിയിച്ചിരുന്നു. അങ്ങനെയാണ് കോഴിക്കോട് പറഞ്ഞത്. എത്രയും വേഗം കേരളത്തിൽഎയിംസ് വേണമെന്നും ആവശ്യപ്പെട്ടു.

## നടി തൃഷ വിവാഹിതയാവാൻ ഒരുങ്ങുന്നു; വരൻ ചണ്ഡീഗഢ് വ്യവസായി?



നടി തൃഷ കൃഷ്ണൻ വിവാഹിതായാവൻ ഒരുങ്ങുന്നുവെന്ന് റിപ്പോർട്ട്. ചണ്ഡീഗഢിൽ നിന്നുള്ള വ്യവസായിയാണ് വരൻ എന്നാണ് സൂചന. നടിയുടെ കുടുംബം വിവാഹത്തിനായി സമ്മതിച്ചുവെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. ഏറെക്കാലമായി അടുത്തറിയുന്നവരാണ് ഇരുകുടുംബവുമെന്നും പറയപ്പെടുന്നു.

'ശരിയായ' വ്യക്തി വരുമ്പോൾ 'ശരിയായ' സമയത്ത് വിവാഹമുണ്ടാവുമെന്ന് അടുത്തിടെ നടി മനസുതുറന്നിരുന്നു. എന്നാൽ, അതിനുള്ള സമയം ഇതുവരെ ആയിട്ടില്ലെന്നും നടി പറഞ്ഞു. ഇപ്പോഴത്തെ വാർത്തകളോട് നടിയോ കുടുംബമോ പ്രതികരിച്ചിട്ടില്ല.

നേരത്തെ, വ്യവസായിയും നിർമാതാവുമായ വരുൺ മണിയനുമായി തൃഷയുടെ വിവാഹം ഉറപ്പിച്ചിരുന്നു. 2015-ലായിരുന്നു വിവാഹനിശ്ചയം. പിന്നീട് ബന്ധം ഉപേക്ഷിച്ചു. വിവാഹശേഷം തൃഷ അഭിനയം തുടരുന്നതുമായി ബന്ധപ്പെട്ട അഭിപ്രായവ്യത്യാസമാണ് ബന്ധം ഉപേക്ഷിക്കുന്നതിലേക്ക് നയിച്ചതെന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.

## തോമസ് ഐസക്കിനെതിരായ സാന്റിയാഗോ മാർട്ടിന്റെ മാനനഷ്ടക്കേസ്; നടപടികൾ സ്റ്റേ ചെയ്ത് സുപ്രീം കോടതി



ന്യൂഡൽഹി: മുൻ ധനമന്ത്രി തോമസ് ഐസക്കിനെതിരെ ലോട്ടറി വ്യവസായി സാന്റിയാഗോ മാർട്ടിൻ ഫയൽ ചെയ്ത മാനനഷ്ട കേസിലെ നടപടികൾ സുപ്രീം കോടതി സ്റ്റേചെയ്തു. സിക്കിമിലെ ഗാങ്ടോക് വിചാരണാ കോടതിയിലുള്ള കേസിലെ നടപടികളാണ് സുപ്രീം കോടതി സ്റ്റേ ചെയ്തത്. മാനനഷ്ട കേസ് റദ്ദാക്കണമെന്ന ഐസക്കിന്റെ ആവശ്യത്തിൽ സുപ്രീം കോടതി സാന്റിയാഗോ മാർട്ടിന് നോട്ടീസ് അയച്ചു.

തോമസ് ഐസക്ക് ധനകാര്യ മന്ത്രി ആയിരുന്ന കാലത്ത് ജിഎസ്ടി കൗൺസിൽ യോഗത്തിൽ പങ്കെടുക്കവെ തനിക്കെതിരെ അപകീർത്തികരമായ പരാമർശം നടത്തിയെന്നാണ് സാന്റിയാഗോ മാർട്ടിന്റെ വാദം. ഇക്കാര്യം ചൂണ്ടിക്കാട്ടിയാണ് മാർട്ടിൻ, ഗാങ്ടോക് കോടതിയിൽ ഐസക്കിനെതിരെ മാനനഷ്ട കേസ് ഫയൽ ചെയ്തത്. ഈ കേസ് കേരളത്തിലേക്ക് മാറ്റണമെന്ന ഐസക്കിന്റെ ആവശ്യം കോടതി നേരത്തെ നിരാകരിച്ചിരുന്നു.

തോമസ് ഐസക്കിന് വേണ്ടി സീനിയർ അഭിഭാഷകൻ ജയ്ദീപ് ഗുപ്ത, അഭിഭാഷകൻ ജി. പ്രകാശ് എന്നിവരാണ് ഹാജരായത്. തടസ്സ ഹർജിയുമായി മാർട്ടിന്റെ അഭിഭാഷകനും കോടതിയിൽ ഹാജരായിരുന്നു. കേസ് റദ്ദാക്കണമെന്ന തോമസ് ഐസക്കിന്റെ ആവശ്യത്തിൽ രണ്ട് ആഴ്ചയ്ക്കുള്ളിൽ മറുപടി നൽകാൻ മാർട്ടിനോട് ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവർ അടങ്ങിയ സുപ്രീം കോടതി ബെഞ്ച് നിർദേശിച്ചു.

## പേയിളകി പശു ചത്തു

കുന്നംകുളം: എരുമപ്പെട്ടിയിൽ പേയിളകി പശു ചത്തു. പരിയാരം നീർത്താട്ടിൽ ചന്ദ്രന്റെ പശുവാണ് ചത്തത്. പാൽ കുടിച്ചവർ വാക്സിൻ കുത്തിവെപ്പ് എടുക്കണമെന്ന് ആരോഗ്യവകുപ്പ് നിർദേശിച്ചു.

## കരടിയുടെ ആക്രമണത്തിൽ പരിക്ക്

അതിരപ്പിള്ളി: വാൽപ്പാറയിൽ കരടിയുടെ ആക്രമണത്തിൽ തൊഴിലാളിക്ക് പരിക്ക്. ഇഞ്ചിപ്പാറ എസ്റ്റേറ്റിലാണ് സംഭവം. കാളീശ്വരൻ എന്നയാളെയാണ് കരടി ആക്രമിച്ചത്. ഇയാളെ പൊള്ളാച്ചിയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## ടോൾ വിലക്ക് തുടരും

ആമ്പല്ലൂർ: പാലിയേക്കരയിൽ ടോൾ വിലക്ക് തുടരും. ഹർജി പരിഗണിക്കുന്നത് ഹൈക്കോടതി ചൊവ്വാഴ്ചത്തേക്ക് മാറ്റി.

## മുഖ്യമന്ത്രിയുടെ ഗൾഫ് പര്യടനത്തിന് അനുമതി നിഷേധിച്ച് കേന്ദ്രം

തിരു : മുഖ്യമന്ത്രി പിണറായി വിജയന്റെ ഗൾഫ് പര്യടനത്തിന് അനുമതി നിഷേധിച്ച് വിദേശകാര്യമന്ത്രാലയം. അനുമതി നിഷേധിച്ചുകൊണ്ടുള്ള വിദേശകാര്യ മന്ത്രാലയത്തിന്റെ അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചു. കാരണമൊന്നും ചൂണ്ടിക്കാട്ടാതെയാണ് അനുമതി തള്ളിയത്. അനുമതി നിഷേധിച്ച കാരണത്തെക്കുറിച്ച് കേന്ദ്ര വിദേശകാര്യമന്ത്രാലയം വിശദീകരണം നൽകിയിട്ടില്ല.

ഒക്ടോബർ 16 വ്യാഴാഴ്ച മുതൽ നവംബർ ഒൻപതുവരെയായിരുന്നു പര്യടനം നിശ്ചയിച്ചിരുന്നത്. ഒക്ടോബർ 16-ന് ബഹ്റൈൻ, ഒക്ടോബർ 17-ന് സൗദി, ദമ്മാം, ഒക്ടോബർ 18- ജിദ്ദ, ഒക്ടോബർ 19- റിയാദ് എന്നിങ്ങനെ ആയിരുന്നു സന്ദർശനം നിശ്ചയിച്ചിരുന്നത്.

ഒക്ടോബർ 24, 25 ദിവസങ്ങളിൽ ഒമാനിലെ മസ്ക്കത്തിലേയും സലാലയിലേയും പരിപാടികളിൽ പങ്കെടുക്കാനും ഒക്ടോബർ 30-ന് ഖത്തറിലും നവംബർ ഏഴിന് കുവൈത്ത്, നവംബർ ഒൻപതിന് അബുദാബി- എന്നിങ്ങനെയുമായിരുന്നു സന്ദർശനം തീരുമാനിച്ചിരുന്നത്.

## 'നടന്മാരുടെ വീട്ടിലെ ഇഡി റെയ്ഡ് സ്വർണപ്പാളി വിവാദം മുക്കാൻ'; വിചിത്ര വാദങ്ങളുമായി കേന്ദ്രമന്ത്രി സുരേഷ് ഗോപി



പാലക്കാട്: ഭൂട്ടാൻ വാഹന കള്ളക്കടത്തുമായി ബന്ധപ്പെട്ട് നടന്മാരുടെ വീടുകളിൽ ഇഡി റെയ്ഡ് നടത്തുന്നത് ശബരിമലയിലെ സ്വർണപ്പാളി വിവാദം മുക്കാൻവേണ്ടിയാണെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി. പൊതുപരിപാടിയിൽ പങ്കെടുക്കുമ്പോഴായിരുന്നു കേന്ദ്രമന്ത്രി വിചിത്രവാദം മുന്നോട്ടുവച്ചത്.

'സ്വർണത്തിന്റെ വിഷയം മുക്കാൻവേണ്ടിയാണോ സിനിമാരംഗത്തുള്ള രണ്ടുപേരെ വീണ്ടും ട്രാസിൽകേറ്റി അളക്കാൻ കേരള ജനതയ്ക്ക് വിട്ടുകൊടുത്തിരിക്കുന്നത്. അതിനെസംബന്ധിച്ച് എൻഐഎ, ഇഡി എല്ലാം പരിശോധിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നതുകൊണ്ട് കേന്ദ്രമന്ത്രിസഭയിൽ ഇരുന്നുകൊണ്ട് അതിനെക്കുറിച്ച് പറയാൻ പാടില്ല. സർക്കാരിനെ ബാധിക്കുന്ന വിഷയങ്ങൾ വരുമ്പോൾ തിളക്കമുള്ളവരെ മലിനപ്പെടുത്തുക, കളങ്കപ്പെടുത്തുക എന്ന പ്രക്രിയ മാത്രമാണ് പൊലീസിനെ ഉപയോഗിച്ച് നടത്തുന്നത്'- സുരേഷ് ഗോപി പറഞ്ഞു.

ഭൂട്ടാൻ വാഹനക്കടത്തുമായി ബന്ധപ്പെട്ട് നടന്മാരായ മമ്മൂട്ടി, ദുൽഖർ സൽമാൻ, പൃഥ്വിരാജ്, അമിത് ചക്കാലക്കൽ എന്നിവരുടെ വീടുകളിൽ ഒരേസമയം ഇഡി മിന്നൽ പരിശോധന നടത്തിയിരുന്നു. നേരത്തേ കസ്റ്റംസും പരിശോധിച്ചിരുന്നു. ഇതിനുപിന്നിൽ സംസ്ഥാന സർക്കാരാണെന്നാണ് സുരേഷ് ഗോപി പറയുന്നത്. അന്വേഷണം നല്ലരീതിയിലാണ് മുന്നോട്ടുപോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞദിവസം നടന്ന റെയ്ഡിനുശേഷം ദുൽഖറിനെ ചെന്നൈയിൽ നിന്ന് വിളിച്ചുവരുത്തി കൊച്ചിയിൽ മണിക്കൂറുകൾ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിരുന്നു. വാഹനം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കാൻ നടന്മാർക്കുൾപ്പെടെ നിർദ്ദേശം നൽകി.കസ്റ്റംസാണ് ഭൂട്ടാൻ വാഹന ഇടപാടിലെ ക്രമക്കേടുകൾ കണ്ടെത്തിയത്.

പണമിടപാടുകൾ വിദേശത്ത് നടത്തിയെന്നാണ് സംശയിക്കുന്നത്. വൈകാതെ ഇസിഐആർ രജിസ്റ്റർ ചെയ്യാനാണ് ഇഡി നീക്കം.

## ഫിലിപ്പീൻസിൽ വൻ ഭൂകമ്പം; ഏത് നിമിഷവും സുനാമി ഉണ്ടായേക്കാം, ജനങ്ങളോട് ഒഴിഞ്ഞുപോകാൻ നിർദേശം



മനില: ഫിലിപ്പീൻസിൽ വൻ ഭൂചലനം. റിക്ടർ സ്കെയിൽ 7.6 തീവ്രത രേഖപ്പെടുത്തിയതായി രാജ്യത്തെ സീസ്മോളജി ഏജൻസി അറിയിച്ചു. ശക്തമായ ഭൂകമ്പത്തെത്തുടർന്ന് തീരപ്രദേശങ്ങളിൽ സുനാമി മുന്നറിയിപ്പും നൽകി. ജനങ്ങളോട് സ്ഥലത്ത് നിന്നും ഒഴിഞ്ഞുപോകാനും ആവശ്യപ്പെട്ടിട്ടുണ്ട്.

മിൻഡാനാവോയിലെ ഡാവോ ഓറിയന്റിലെ മനായ് പട്ടണത്തിൽ പത്ത് കിലോമീറ്റർ താഴ്ചയിലാണ് ഭൂകമ്പത്തിന്റെ പ്രഭവ കേന്ദ്രമെന്ന് ഫിലിപ്പീൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വോൾക്കാനോളജി ആന്റ് സീസ്മോളജി അറിയിച്ചു. ആളപായമോ നാശനഷ്ടങ്ങളോ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ, തുടർചലനങ്ങൾക്ക് സാദ്ധ്യതയുണ്ട്. മുൻകരുതലായി തീരപ്രദേശങ്ങളിൽ താമസിക്കുന്നവർ ഉയർന്ന സ്ഥലത്തേക്കോ ഉൾനാടുകളിലേക്കോ മാറണമെന്ന് അധികൃതർ നിർദേശിച്ചു.

ഭൂകമ്പത്തിന്റെ പ്രഭവ കേന്ദ്രത്തിൽ നിന്ന് 186 മൈൽ അകലെ അപകടകരമായ തിരമാലകൾ ഉണ്ടാകാമെന്ന് ഹവായിയിലെ പസഫിക് സുനാമി മുന്നറിയിപ്പ് കേന്ദ്രം അറിയിച്ചു. ഫിലിപ്പീൻസിലെ ചില തീരങ്ങളിൽ മൂന്ന് മീറ്റർ വരെ ഉയരത്തിൽ തിരമാലകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇന്തോനേഷ്യയിലും പലാവുവിലും ഇതിന്റെ ഭാഗമായി ചെറിയ തിരമാലകൾ ഉണ്ടാകും.

അതേസമയം, ശക്തമായ ഭൂകമ്പത്തിനിടെ ആളുകൾ പരിഭ്രാന്തിയോടെ ഓടുന്നതിന്റെ വീഡിയോ ഇപ്പോൾ സമൂഹമാദ്ധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. ഭൂകമ്പത്തിനിടെ ജീവൻ രക്ഷിക്കാനായി ഒരു ആശുപത്രിയിലെ രോഗികളും ജീവനക്കാരും പരിഭ്രാന്തരായി ഓടുന്നത് വീഡിയോയിൽ കാണാം. മത്സ്യ വിൽപ്പന കേന്ദ്രത്തിലെ ഗ്ലാസ് പാത്രങ്ങൾ ശക്തമായി കുലുങ്ങുന്നതിന്റെ ദൃശ്യങ്ങളും പുറത്തുവന്നു. മുൻകരുതൽ എന്ന നിലയിൽ ഇന്തോനേഷ്യയിലെ വടക്കൻ സുലവേസി, പപ്പുവ പ്രദേശങ്ങളിൽ സുനാമി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

## സ്വർണവിപണിയിൽ വൻഇടിവ്; പവന് 1360 രൂപ കുറഞ്ഞു, പ്രതീക്ഷിച്ച മാറ്റം സംഭവിക്കുമോ?

തിരു : സംസ്ഥാനത്തെ സ്വർണവിലയിൽ ഇന്ന് കുറവ് രേഖപ്പെടുത്തി. പവന് 1,360 രൂപ കുറഞ്ഞ് 89,680 രൂപയും ഗ്രാമിന് 170 രൂപ കുറഞ്ഞ് 11,210 രൂപയുമായി. കഴിഞ്ഞ എട്ട് ദിവസങ്ങൾക്കുശേഷമാണ് സ്വർണവിലയിൽ ഇടിവ് സംഭവിച്ചത്. അടുത്തിടെയായി മുൻപെങ്ങും ഉണ്ടാകാത്ത രീതിയിലുള്ള വർദ്ധനവാണ് സ്വർണത്തിൽ സംഭവിച്ചത്. ഈ മാസത്തെ എ?റ്റവും ഉയർന്ന് സ്വർണനിരക്ക് രേഖപ്പെടുത്തിയത് ഒക്ടോബർ ഒമ്പതിനായിരുന്നു. അന്ന് പവന് 91,040 രൂപയും ഗ്രാമിന് 11,380 രൂപയുമായിരുന്നു.

രാജ്യാന്തര വിപണിയിൽ വില ഇന്നലെ 4,020 ഡോളറിലേക്ക് താഴ്ന്നിരുന്നു. അമേരിക്കൻ ഡോളറിൽ നിന്ന് നിക്ഷേപകർ പിന്മാറുന്നതാണ് സ്വർണത്തിന് അനുകൂലമാകുന്നത്. അമേരിക്കൻ സർക്കാർ ഷട്ട്ഡൗണിൽ തുടരുന്നതും ഫ്രാൻസിലെയും ജപ്പാനിലെയും രാഷ്ട്രീയ പ്രതിസന്ധികളും കണക്കിലെടുത്താണ് നിക്ഷേപകർ സുരക്ഷിത മേഖലയായ സ്വർണത്തിലേക്ക് പണമൊഴുക്കുന്നത്. ഇതിനിടെ ചരിത്രത്തിലാദ്യമായി വെള്ളിവില ഔൺസിന് 50 ഡോളർ കവിഞ്ഞു. നടപ്പുവർഷം ഇതുവരെ സ്വർണ വിലയിൽ 53 ശതമാനം വർദ്ധനവാണുണ്ടായത്.

അതേസമയം, സ്വർണവിലയിൽ ഇന്നുണ്ടായ ഇടിവിൽ വ്യാപാരികളും സ്വർണപ്രേമികളും വലിയ പ്രതീക്ഷ വയ്ക്കുന്നില്ലെന്നാണ് സൂചന. രൂപയുടെ മൂല്യത്തകർച്ച കൂടി കണക്കിലെടുത്താൽ ദീപാവലിക്ക് മുമ്പ് പവൻ വില കേരളത്തിൽ ഒരു ലക്ഷം രൂപയിലെത്തിയേക്കും. പ്രതിസന്ധി കാലയളവിലെ ഏറ്റവും സുരക്ഷിത നിക്ഷേപമാണ് സ്വർണം. ലോകത്തിലെ പ്രമുഖ കേന്ദ്ര ബാങ്കുകൾ വിദേശ നാണയ ശേഖരത്തിൽ അമേരിക്കൻ ഡോളർ, ബോണ്ടുകൾ എന്നിവ ഒഴിവാക്കി സ്വർണ ശേഖരം ഉയർത്തുകയാണ്. നടപ്പു വർഷം സ്വർണ വിലയിൽ ഇതുവരെ 51 ശതമാനം വർദ്ധനയുണ്ട്.

### കോടതി പരസ്യം

#### ബഹു. തൃശൂർ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ മുമ്പാകെ

CC: 896/2024

1. റജു പി., 47 വയസ്, S/o. രവി, പടിയത്തുവീട്ടിൽ, മനകുളങ്ങര, കൊടകര, ചാലക്കുടി താലൂക്ക്,തൃശൂർ ജില്ല മൊബൈൽ: 8078230898
2. വത്സല രവി, W/o. രവി, പടിയത്തുവീട്ടിൽ, മനകുളങ്ങര, കൊടകര, ചാലക്കുടി താലൂക്ക്,തൃശൂർ ജില്ല മൊബൈൽ: 8078230898

-പരാതിക്കാരൻ

1. Heewan Nidhi Ltd. Reg. Office, Door No. 37/2305, 2nd Floor, ഹീവാൻ ടവർ, ചക്കാമുക്ക്, പൂങ്കുന്നം, തൃശൂർ, ഫോൺ: 04872387553, Reg. Office, Shop No. 4, Plot 35, Yard 6, Transport Nagar, Narwal, Jammu, CIN No. U67120JK1989PLC-001089
2. സുന്ദർമേനോൻ, Do Do Do Do
3. സി എസ് ശ്രീനിവാസൻ, മാനേജിംഗ് ഡയറക്ടർ, Do Do Do Do
4. അനിൽകുമാർ സി എം, ഡയറക്ടർ DIN: 07229108 Do Do Do Do
5. ബിജു മണികണ്ഠൻ, ഡയറക്ടർ Do Do Do Do
6. ഗ്രീഷ്മ ബിജു, ഡയറക്ടർ Do Do Do Do
8. ഉത്തമ്പുള്ളി ശ്യാം എന്ന ശ്യാംകുമാർ, ഡയറക്ടർ Do Do Do Do
9. രാമചന്ദ്രൻ, ഡയറക്ടർ DIN: 07364894 Do Do Do Do
10. ഹിരൺ, കമ്പനി സെക്രട്ടറി Do Do Do Do
11. മണി പി. നായർ, ഡയറക്ടർ Do Do Do Do

-1 മുതൽ 11 വരെ എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ 1 മുതൽ 6 കൂടിയും 8 മുതൽ 11 കൂടിയ എതൃകക്ഷികൾക്കും ഉള്ള നോട്ടീസ് പത്രത്തിൽ പരസ്യപ്പെടുത്താൻ കല്പനയായി മേൽ നമ്പർ കേസ് **9-12-2025** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം നിങ്ങൾ രാവിലെ 11 മണിക്ക് ബഹുമാനപ്പെട്ട കമ്മീഷൻ മുമ്പാകെ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതാകുന്നു. അല്ലാത്തപലക്ഷം നിങ്ങളെ കൂടാതെ കേസ് കാര്യം തീർപ്പാക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 4-10-2025
ഹരജിഭാഗം അഡ്വക്കേറ്റ്
**ശ്രീകുമാർ പുത്തേഴത്ത്** (ഒപ്പ്)



